കടലുണ്ടി സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ. എഫ്. 1500

ഹെഡ് ഓഫീസ് : **കടലുണ്ടി** PH : 0495 - 2470233 | **ചാലിയം ബ്രാഞ്ച്** PH : 2470307 | **ഈവനിംഗ് ബ്രാഞ്ച്** : PH : 2470493 | **പഞ്ചായത്ത് ഓഫീസ് ബ്രാഞ്ച്** : PH : 2473233

E-mail:- kadalundiscbltd@gmail.com, Web. www.kadalundibank.com

പൊതുയോഗ നോട്ടീസ്

കടലുണ്ടി സർവ്വീസ് സഹകരണ ബേങ്കിലെ 'എ' ക്ലാസ് മെമ്പർമാരുടെ വാർഷിക പൊതുയോഗം **2026ഒക്ടോബർ 18ന് ഞായറാഴ്ച കാലത്ത് 10 മണിക്ക് ആദി ഫുട്ബോൾ ടർഫ് കടലുണ്ടിയിൽ** വെച്ച് ചേരുന്നതാണ്. യോഗത്തിൽ മാന്യമെമ്പർമാർ കൃത്യസമയത്ത് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യോഗത്തിന് വരുമ്പോൾ അവരവരുടെ 'എ' ക്ലാസ് മെമ്പർ നമ്പറോ ബാങ്കിന്റെ തിരിച്ചറിയൽ കാർഡോ ലോൺ പാസ്ബുക്കോ കൊണ്ടുവരേണ്ടതാണ്.

കടലുണ്ടി
01-10-2026

ഭരണസമിതി കൽപ്പനപ്രകാരം
സെക്രട്ടറി (ഒപ്പ്)

അജണ്ട:

1. സ്വാഗതം
2. അനുശോചന പ്രമേയം
3. അധ്യക്ഷ പ്രസംഗം
4. കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്ട്സ് വായിച്ച് റിക്കാർഡാക്കൽ
5. 2025-2026 വർഷത്തെ പ്രവർത്തന റിപ്പോർട്ട്
6. 2025-2026 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ലാഭവിഭജനം, ന്യൂനത പരിഹരണം
7. 2025-2026 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്
8. ഉപയോഗ ശൂന്യവും കേടുവന്നതുമായ ഫർണിച്ചർ, കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ സാധനങ്ങൾ എന്നിവ സ്റ്റോക്കിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്
9. ഭരണസമിതി അംഗങ്ങൾ ജീവനക്കാർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കുള്ള ബാധ്യതകൾ സംബന്ധിച്ച്
10. 2027-2028 വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് അംഗീകരിക്കൽ
11. ചോദ്യങ്ങളും പ്രമേയങ്ങളും
12. പ്രസിഡണ്ട് അനുവദിക്കുന്ന മറ്റുകാര്യങ്ങൾ
13. നന്ദിപ്രകടനം

കുറിപ്പ് :- ചോദ്യങ്ങളും പ്രമേയങ്ങളും 16-10-2026ന് വെള്ളിയാഴ്ച പകൽ 2 മണിക്ക് മുമ്പായി ബേങ്ക് ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഭരണ റിപ്പോർട്ട് ബേങ്കിന്റെ ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലും അസി. രജിസ്ട്രാർ (ജനറൽ) കോഴിക്കോട് ഓഫീസിലും പ്രസിദ്ധീകരിക്കുന്നതാണ്.

ബഹുമാന്യരായ സഹകാരികളെ സുഹൃത്തുക്കളെ,

കടലുണ്ടി സർവ്വീസ് സഹകരണ ബേങ്കിന്റെ വാർഷിക പൊതുയോഗത്തിലെ ബഹുമാന്യ മെമ്പർമാരെ ബേങ്കിന്റെ ഭരണസമിതിക്ക് വേണ്ടി ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു.

രാജ്യത്തിന്റെ ഗ്രാമീണ സാമ്പത്തിക മേഖലയുടെ നട്ടെല്ലായ സഹകരണ പ്രസ്ഥാനം ഇന്ന് പലതരം വെല്ലുവിളികളെയും പ്രതിസന്ധികളേയും മറികടന്ന് മുന്നേറി കൊണ്ടിരിക്കുകയാണ്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ മികച്ച സഹകരണ ബേങ്കുകളിലൊന്ന് എന്ന പേര് നിലനിർത്താൻ നമ്മുടെ ബേങ്കിന് സാധിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ബേങ്കിന്റെ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുള്ളത് വലിയ നേട്ടമായി വിലയിരുത്തുന്നു.

കടലുണ്ടി സർവ്വീസ് സഹകരണ ബേങ്ക് സേവനത്തിന്റെ 75 വർഷം പിന്നിടുകയാണ്. കടലുണ്ടി, വള്ളിക്കുന്ന് വില്ലേജുകൾ പ്രവർത്തന പരിധിയായി 23-03-1951ൽ രജിസ്റ്റർ ചെയ്ത് 06-04-1951ൽ പ്രവർത്തനം ആരംഭിക്കുകയും, മലപ്പുറം ജില്ലാ രൂപീകരണത്തോടെ ബേങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് താലൂക്കിലെ കടലുണ്ടി വില്ലേജും തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന് വില്ലേജിലെ ബാലാതിരുത്തിയും മാത്രം പ്രവർത്തന പരിധിയായി നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു.

പ്രവർത്തന മികവുകൊണ്ടും സാമൂഹിക ഇടപെടൽകൊണ്ടും എല്ലാ ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ട് ബാങ്ക് മുന്നേറുകയാണ്. കടലുണ്ടി സഹകരണ ബാങ്കിന്റെ മൊത്തം ബിസിനസ് 31.03.2026ൽ 312.32 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിന്റെ മൊത്തം നിക്ഷേപം 163.24 കോടി രൂപയായി ഉയർത്താനായപ്പോൾ മൊത്തം വായ്പ 149.07 കോടി രൂപയായി വർദ്ധിച്ചു. വായ്പ കുടിശ്ശിക എക്കാലത്തെയും മികച്ച നേട്ടമായ 2.48 ശതമാനത്തിലേക്ക് എത്തിക്കാനായി. കഴിഞ്ഞ വർഷങ്ങളിൽ കടലുണ്ടി ബാങ്ക് കൂടുതലായി ആർജിച്ച ജനപിന്തുണയുടെയും വിശ്വാസത്തിന്റെയും നേർസാക്ഷ്യമാണിത്.

സ്വർണ്ണപണയ വായ്പയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം അഭൂതപൂർവ്വമായ വളർച്ച ബാങ്കിന് കൈവരിക്കാനായി. സാങ്കേതിക മികവു പുലർത്തുന്നതിനായി പഴയ സെർവർ സംവിധാനം മാറ്റി ഡാറ്റ സ്റ്റോറേജ് പൂർണ്ണമായും ക്ലൗഡ് സംവിധാനത്തിലേക്ക് മാറ്റുന്നതിനായി. കേരളത്തിലാദ്യമായി ടൂറിസം രംഗത്ത് നമ്മുടെ ബേങ്കിന് ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായുള്ള പദ്ധതിയായ ഗ്രാമവിഹാർ പദ്ധതിയിലൂടെ നബാർഡ് 25 ലക്ഷം രൂപയുടെ ഗ്രാന്റ് അനുവദിക്കുകയുണ്ടായി. രണ്ട് വർഷം നീണ്ടു നിൽക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ കടലുണ്ടിയുടെ ടൂറിസം സാധ്യതകൾ ലോകത്തിന് മുൻപിൽ തുറന്നുകാട്ടുന്നതിനും തദ്ദേശീയരുടെ സാമ്പത്തിക ഉന്നമനം ടൂറിസത്തിലൂടെ സാധ്യമാക്കുന്നതിനും കഴിയുമെന്ന് ബാങ്ക് പ്രതീക്ഷിക്കുന്നു. ഭരണസമിതിയുടെ തീരുമാനപ്രകാരം ബാങ്കിങ്ങ് ഇതര പ്രവർത്തനങ്ങളിലേക്ക് ചുവടുവെച്ച് നീതി ലാബ്, നീതി ഫാർമസി, നീതി ഫിസിയോ തെറാപ്പി സെന്റർ, കോൺഫറൻസ് ഹാളുകൾ തുടങ്ങിയ ബാങ്കിങ്ങ് ഇതര പ്രവർത്തനങ്ങളിലൂടെ തൻവർഷം 523389 രൂപ ലാഭമുണ്ടാക്കാനായി. സഹകാരികളുടെ ആവശ്യപ്രകാരം കടലു

ണ്ടിയുടെ ഹൃദയഭാഗത്ത് പ്രമുഖ സഹകാരിയായിരുന്ന ഗംഗൻമാസ്റ്ററുടെ പേരിൽ ഓപ്പൺ സ്റ്റേജും പൊതു ഇരിപ്പിടങ്ങളുമുള്ള ഗംഗൻമാസ്റ്റർ സ്കയർ സജ്ജമാക്കി. ഇത് സാധാരണ ജനങ്ങളും കലാസാംസ്കാരിക പ്രവർത്തകരും നന്നായി ഉപയോഗിക്കുന്ന ഒരു പൊതു ഇടമായി മാറിയിട്ടുണ്ട് എന്നത് സന്തോഷം നൽകുന്നു. ATM / CDM സൗകര്യവും QR Code സൗകര്യവും സഹകാരികൾക്ക് പണമിടപാട് നടത്തുന്നതിന് സഹായകരമായിട്ടുണ്ട്. വായ്പ തിരിച്ചടക്കുന്നതിന് സാമ്പത്തിക പ്രയാസം നേരിട്ട അർഹരായ സഹകാരികൾക്ക് 2705866.00 രൂപ വായ്പയിൽ ഇളവ് നൽകി സഹായിക്കാനായിട്ടുണ്ട്. സഹകരണ സർവ്വീസ് പരീക്ഷ ബോർഡിലൂടെ രണ്ട് ഉദ്യോഗാർത്ഥികൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനം നൽകി. സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ബാങ്ക് പ്രവർത്തിക്കുന്നത്.

കുടുംബശ്രീ അംഗങ്ങൾക്ക് നൽകി വരുന്ന ലിങ്കേജ് വായ്പ പരസ്പര ജാമ്യവായ്പ എന്നിവക്ക് പുറമെ കേരള സർക്കാർ വിഭാവനം ചെയ്ത 'മുറ്റത്തെ മുല്ല' വായ്പ പദ്ധതിയും ആരംഭിക്കുന്നതിനായി. ഇതിലൂടെ കുടുംബശ്രീകൾക്ക് അയൽക്കൂട്ടത്തിൽ അംഗമല്ലാത്തവർക്കും വായ്പ നൽകുന്നതിനും അതിലൂടെ സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കാനാവുന്നു.

ബേങ്കിന് മികച്ച പ്രവർത്തന നേട്ടമാണ് 2025-26 സാമ്പത്തിക വർഷവും നേടാനായിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 41,06,413.65 രൂപ അറ്റലാഭമുണ്ട്. ഭാവിയിൽ റെയിൽവെ വികസനത്തിന്റെ ഭാഗമായി ഹെഡ് ഓഫീസ് മറ്റേണ്ടിവരുകയാണെങ്കിൽ ഭൂമി വാങ്ങുന്നതിനായി 60 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയിലേക്ക് 20 ലക്ഷം രൂപയുമടക്കം ആകെ 80 ലക്ഷം രൂപ 2025-26 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കിൽ കരുതലായി വെച്ചിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ലാഭനഷ്ട കണക്കിൽ നിന്നും വലിയ തുക കരുതലായി വെക്കുന്നതിന് സാധിക്കുന്നത് കാര്യക്ഷമമായ ആസൂത്രണവും ദീർഘവീക്ഷണത്തോടെയും കൃത്യതയോടെയുമുള്ള പ്രവർത്തനങ്ങളിലൂടെയും ബേങ്കിന്റെ ബിസിനസും ലാഭവും വർദ്ധിപ്പിക്കാൻ സാധിച്ചതുകൊണ്ടാണെന്ന് അഭിമാനത്തോടെ അറിയിക്കട്ടെ.

ബാങ്കിന്റെ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കാൻ സഹായിച്ച സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, കേരള ബാങ്ക് അധികൃതർ നബാർഡ്, ബാങ്കിലെ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. സഹകാരികളായ നിങ്ങളേവരുടേയും സഹകരണം ഈ ബാങ്കിന് തുടർന്നും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം

കെ.ടി. കബീർ

പ്രസിഡണ്ട്

കടലുണ്ടി സർവ്വീസ് സഹകരണ ബാങ്ക്

പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന ഭരണറിപ്പോർട്ട്

ബാങ്കിന്റെ വളർച്ചയ്ക്കും പുരോഗതിയ്ക്കും കാരണക്കാരായ അംഗങ്ങളുടെ സഹായവും സഹകരണവും വിലപ്പെട്ട നിർദ്ദേശങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് 1-4-2025 മുതൽ 31-3-2026 വരെയുള്ള ഭരണറിപ്പോർട്ട് പൊതുയോഗത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ബാങ്കിന്റെ 31-3-2026ലെ സാമ്പത്തിക സ്ഥിതി താഴെ കാണിച്ചപ്രകാരമാണ്.


പ്രത്യേക ശ്രദ്ധയ്ക്കുള്ള വിവരങ്ങൾ

1.	അംഗങ്ങൾ	44685
2.	ഓഹരി മൂലധനം	19883858.00
3	നിക്ഷേപങ്ങൾ	1632486369.46
4.	വായ്പകൾ	1490771486.04
5.	പ്രവർത്തന മൂലധനം	1811719781.65
6.	കേരള ബാങ്ക് കടം	148624323.05
7.	തന്നാണ്ടത്തെ ലാഭം	4106413.65

ബാങ്കിന്റെ പ്രവർത്തന പുരോഗതി കാണിക്കുന്ന പട്ടിക

ക്രമ നമ്പർ	ഇന വിവരം	31-03-2022	31-03-2023	31-03-2024	31-03-2025	31-03-2026
1	മെമ്പർമാർ	41490	42492	43196	43821	44685
2	പിരിഞ്ഞുകിട്ടിയ മൂലധനം	16759768	17525228	18458383	18800238	19883858
3	നിക്ഷേപങ്ങൾ	1094491688	1174792483	1279379982	1420900720	1632486369
4	വായ്പകൾ	873666170	985669153	1081654970	1240146783	1490771486
5	പ്രവർത്തന മൂലധനം	1148139012	1275724449	1436196420	1566713463	1811719781
6	ലാഭം	848794	4210559	2572355	3000580	4106413

മെമ്പർമാർ




അംഗങ്ങളുടെ ഓഹരി മൂലധനം

2025-26 വർഷാരംഭത്തിൽ 43821 മെമ്പർമാരിൽനിന്നും പിരിഞ്ഞുകിട്ടിയ 18800238 രൂപ ഓഹരി മൂലധനം ഉണ്ടായിരുന്നത് തൻവർഷം 825 മെമ്പർമാർ പുതുതായി ചേരുകയും ഓഹരി ഇനത്തിൽ 1488720 രൂപ പിരിഞ്ഞുകിട്ടുകയും 405100 രൂപ തിരികെ കൊടുക്കുകയും ചെയ്തു. വർഷാവസാനം 44685 മെമ്പർമാരും 19883858 രൂപ ഓഹരി മൂലധനവും ഉണ്ട്. റിപ്പോർട്ട് വർഷത്തിൽ 1083620 രൂപയുടെ വർദ്ധനവ് ഓഹരി മൂലധനത്തിൽ ഉണ്ടായിട്ടുണ്ട്.

ഓഹരി മൂലധനം	തുക
1. വർഷാരംഭത്തിൽ	18800238
2. തൻവർഷം പിരിഞ്ഞ് കിട്ടിയത്	1488720
3. തൻവർഷം തിരിച്ച് കൊടുത്തത്	405100
4. വർഷാവസാനം ബാക്കി	19883858

ഓഹരി മൂലധനം (തുക ലക്ഷത്തിൽ)




നിക്ഷേപങ്ങൾ

2025-26 വർഷാരംഭത്തിൽ നിക്ഷേപം ഇനത്തിൽ 1420900720.41 രൂപ ബാക്കി നിൽപ്പ് ഉണ്ടായിരുന്നതിൽ 6413465595.61 രൂപ പിരിഞ്ഞ് കിട്ടുകയും 6201879946.56 രൂപ തിരിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ നിക്ഷേപ ഇനത്തിൽ 1632486369.46 രൂപ ബാക്കി നിൽപ്പുണ്ട്. 211585649.05 രൂപയുടെ വർദ്ധനവ് നിക്ഷേപത്തിൽ ഉണ്ടായിട്ടുണ്ട്. ആകെ നിക്ഷേപത്തിന്റെ 81.69 ശതമാനവും സ്ഥിരനിക്ഷേപമാണ്.

നിക്ഷേപം	തുക
1. വർഷാരംഭത്തിൽ	1420900720.41
2. തൻവർഷം പിരിഞ്ഞ് കിട്ടിയത്	6413465595.61
3. തൻവർഷം തിരിച്ച് കൊടുത്തത്	6201879946.56
4. വർഷാവസാനം ബാക്കി	1632486369.46

നിക്ഷേപങ്ങൾ (തുക കോടിയിൽ)




അംഗങ്ങൾക്ക് നൽകിയ വായ്പ

2025-26 വർഷാരംഭത്തിൽ 1240146783.00 രൂപ മെമ്പർമാർക്ക് കൊടുത്ത കടം ബാക്കി നിൽക്കുകയും തൻവർഷം 3147097847.44 രൂപ വിതരണം ചെയ്യുകയും 2896473144.40 രൂപ തിരിച്ചടക്കുകയും ചെയ്തു. വർഷാവസാനം 1490771486.04 രൂപ ബാക്കി നിൽപ്പുണ്ട്. മുൻവർഷത്തേക്കാൾ 250624703.04 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്വർണ്ണപണയവായ്പ 63.94 കോടി രൂപയിൽ നിന്നും 19.21 കോടി രൂപ വർദ്ധിച്ച് വർഷാവസാനം 83.15 കോടി രൂപ ബാക്കി നിൽപ്പുണ്ട്. കാർഷിക വായ്പ ഇനത്തിൽ വർഷാവസാനം 19.93 കോടി രൂപയും ബാക്കി നിൽപ്പുണ്ട്.

മെമ്പർമാരിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള കടം	തുക
1. വർഷാരംഭത്തിൽ	1240146783.00
2. തൻവർഷം പിരിഞ്ഞ് കിട്ടിയത്	3147097847.44
3. തൻവർഷം തിരിച്ച് കൊടുത്തത്	2896473144.40
4. വർഷാവസാനം ബാക്കി	1490771486.04


വായ്പ (തുക കോടിയിൽ)




പ്രവർത്തന മൂലധനം

2025-26 വർഷാരംഭത്തിൽ 1566713463.32 രൂപ ഉണ്ടായിരുന്ന ബേങ്കിന്റെ പ്രവർത്തന മൂലധനം 245006318.33രൂപ വർദ്ധിച്ച് വർഷാവസാനം 1811719781.65 രൂപയാണ്.

പ്രവർത്തന മൂലധനം (തുക കോടിയിൽ)



ലാഭം (തുക ലക്ഷത്തിൽ)



കേരള ബാങ്ക് കടം

2025-26 വർഷാരംഭത്തിൽ കേരള ബാങ്കിൽ 120422889.63 രൂപ ബാക്കി നിൽപ് ഉണ്ടായിരുന്നത് തൻവർഷം 303200583.42 രൂപ പിൻവലിക്കുകയും 274999150.00 രൂപ തിരിച്ചടക്കുകയും ചെയ്തു. റിപ്പോർട്ട് വർഷത്തിൽ വായ്പ ബാക്കി നിൽപ് 148624323.05 രൂപയാണ്.

കേരള ബാങ്ക് കടം	തുക
1. വർഷാരംഭത്തിൽ	120422889.63
2. കേരള ബാങ്കിൽ നിന്നും വാങ്ങിയത്	303200583.42
3. തിരിച്ചടച്ചത്	274999150.00
4. വർഷാവസാനം ബാക്കി	148624323.05

അവധി ബാക്കി വായ്പകൾ

2025-26 വർഷാവസാനം മുതലിനത്തിൽ 1490771486.04 രൂപ ബാക്കി നിൽപ്പുള്ളതിൽ 73586397.00 രൂപ അവധി ബാക്കിയാണ്. ഇത് ഡിമാന്റിന്റെ 2.48 ശതമാനമാണ്. കഴിഞ്ഞ വർഷം ഡിമാന്റിന്റെ 4.32 ശതമാനമായിരുന്ന കുടിശ്ശിക 1.84 ശതമാനം കുറക്കുന്നതിനായിട്ടുണ്ട്. കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബേങ്കിന്റെ വായ്പ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾക്ക് സഹകരണ ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു സെയിൽ ഓഫീസറുടെ സേവനം അനുവദിച്ചിട്ടുണ്ട്. ബേങ്കിൽ ലോൺ റിക്കവറി സെൽ രൂപീകരിച്ചുകൊണ്ട് കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

ബേങ്ക് ഹെഡ് ഓഫീസിന്റെയും ബ്രാഞ്ചുകളുടെയും പ്രവർത്തനം

സഹകരണ ബേങ്കിംഗ് മേഖലയിലെ ഉയർന്ന ക്ലാസിഫിക്കേഷനായ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിലാണ് ബാങ്ക് പ്രവർത്തിച്ചുവരുന്നത്. ഓഡിറ്റ് ക്ലാസിഫിക്കേഷനിൽ തുടർച്ചയായി 'എ' ഗ്രേഡാണ്. ഹെഡ് ഓഫീസ് അടക്കം 4 ശാഖകളും പൂർണ്ണമായും കോർബാങ്കിംഗ് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ബേങ്കിന്റെ ഹെഡ് ഓഫീസ്, ചാലിയം ബ്രാഞ്ച്, കടലുണ്ടി ഈവനിംഗ് ബ്രാഞ്ച്, പഞ്ചായത്ത് ഓഫീസ് ബ്രാഞ്ച് എന്നിവിടങ്ങളിലെ നിക്ഷേപം, വായ്പ പട്ടിക

നിക്ഷേപം

ക്രമ നമ്പർ	ബ്രാഞ്ചിന്റെ പേര്	2024-25	2025-26	വർദ്ധനവ്
1	ഹെഡ് ഓഫീസ്	664564369.24	747254275.17	82689905.93
2	ചാലിയം	333746909.98	390319517.75	56572607.77
3	കടലുണ്ടി ഈവനിംഗ്	262105161.84	298696375.76	36591213.92
4	പഞ്ചായത്ത് ഓഫീസ്	160484279.35	196216200.78	35731921.43
	ആകെ നിക്ഷേപം	**1420900720.41**	**1632486369.46**	**211585649.05**

വായ്പ

ക്രമ നമ്പർ	ബ്രാഞ്ചിന്റെ പേര്	2024-25	2025-26	വർദ്ധനവ്
1	ഹെഡ് ഓഫീസ്	519435956.00	598124033.00	78688077.00
2	ചാലിയം	451797603.00	529651061.02	77853458.02
3	കടലുണ്ടി ഈവനിംഗ്	138232251.00	187127432.02	48895181.02
4	പഞ്ചായത്ത് ഓഫീസ്	130680973.00	175868960.00	45187987.00
	ആകെ വായ്പ	**1240146783.00**	**1490771486.04**	**250624703.04**

ഐക്യരാഷ്ട്ര സഭ 2025 വർഷത്തെ അന്താരാഷ്ട്ര സഹകരണ വർഷമായി ആചരിച്ചു. സഹകരണം ഒരു മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കുന്നു (Co-Operatives build a better world) എന്നതായിരുന്നു പ്രമേയം. സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കുവേണ്ടിയും പ്രവർത്തിക്കുക, സാമൂഹികവും സാമ്പത്തികവുമായി വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സുസ്ഥിര വികസനം, ദാരിദ്ര്യ നിർമാർജ്ജനം എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി വ്യത്യസ്ത കർമ്മ പദ്ധതികളുമായി പ്രവർത്തിച്ചുവരുന്നതിന്റെ ഭാഗമായി നബാർഡിന്റെ ആഭിമുഖ്യത്തിൽ കോ-ഓപ്പറേറ്റീവ് ലിറ്ററസി ക്യാമ്പ് സംഘടിപ്പിക്കുകയും സഹകാരികളുമായും കുടുംബങ്ങളുമായുള്ള ബന്ധം നിലനിർത്തുന്നതിനും ബാങ്കിംഗ്, ബാങ്കിംഗ് ഇതര സേവനങ്ങൾ ജനങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി ബ്രാഞ്ച് അടിസ്ഥാനത്തിൽ ജനകീയ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. ബാങ്ക് നടത്തുന്ന നബാർഡിന്റെ ഗ്രാമവിഹാർ ടൂറിസം പദ്ധതിയുടെ സാധ്യതകളും മുറ്റത്തെ മുല്ല വായ്പ പദ്ധതിയും വിശദീകരിക്കുന്നതിനായി കുടുംബശ്രീ സ്വയം സഹായ ഗ്രൂപ്പുകളുടെ യോഗങ്ങൾ ചാലിയം, മണ്ണൂർ റെയിൽ, കടലുണ്ടി എന്നിവിടങ്ങളിൽ നടത്തി.

എ. ടി. എം. / സി.ഡി.എം.

നാഷണലൈസ്ഡ് ബാങ്കുകളുടെതുൾപ്പെടെയുള്ള എ.ടി.എം. കാർഡുകൾ ഉപയോഗിച്ച് പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനും സാധിക്കുന്ന എ.ടി.എം. / സി.ഡി.എം. ബാങ്കിന്റെ ഈവനിംഗ് ബ്രാഞ്ചിൽ സ്ഥാപിച്ചിട്ടുണ്ട്. സഹകാരികൾ ഈ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്.

ഇടപാടുകാരുടെ സേവിംഗ്സ് ബാങ്ക് എക്കൗണ്ടുകളിലേക്ക് ക്യുആർ കോഡ് വഴി പണം ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സൗകര്യം ഫെഡറൽ ബാങ്ക് സഹായത്തോടെ നൽകി വരുന്നുണ്ട്. ആയത് ബേങ്കിന്റെ ഹെഡാഫീസിലും ശാഖകളിലും കൂടാതെ നീതി മെഡിക്കൽ സെന്ററുകളിലും പണം ഇടപാടിനായി ഉപയോഗിക്കുന്നുണ്ട്.

ബാങ്ക് ഓഡിറ്റോറിയം

ബാങ്ക് ഹെഡ് ഓഫീസിൽ 120 പേർക്ക് ഇരിക്കാവുന്ന എയർ കണ്ടീഷൻ സൗകര്യത്തോടുകൂടിയ ഓഡിറ്റോറിയവും അതിനനുബന്ധമായ ഭക്ഷണഹാളും വിവിധ ചടങ്ങുകൾക്കായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പ്രൊജക്ടർ സൗകര്യവും സൗണ്ട് സിസ്റ്റവും ഉൾപ്പെടെ കുറഞ്ഞ നിരക്കിലാണ് ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നത്.

നീതി മെഡിക്കൽ സെന്റർ

വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായ ബേങ്കിന്റെ ആദ്യ സംരംഭമായ നീതി മെഡിക്കൽ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷം പിന്നിടുമ്പോൾ നല്ല രീതിയിലുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. തൻവർഷത്തെ വ്യാപാര കണക്കനുസരിച്ചുള്ള മൊത്തം ലാഭം 523389.17 രൂപയാണ്. ഇവിടെ പ്രവർത്തിക്കുന്ന നീതി ലാബ് , നീതി മെഡിക്കൽ സ്റ്റോർ, നീതി ഫിസിയോ തെറാപ്പി സൗകര്യങ്ങൾ മെമ്പർമാർക്കും പൊതു ജനങ്ങൾക്കും വളരെയധികം ആശ്വാസം നൽകി വരുന്നുണ്ട്.

നീതി ലാബ്

നമ്മുടെ നീതി ലാബിലൂടെ ചെയ്യുന്ന ലബോറട്ടറി പരിശോധനകൾക്ക് 60 ശതമാനം വരെ കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. ആധുനിക രീതിയിലുള്ള ഫുൾ ആട്ടോമാറ്റിക് മെഷീനുകളാണ് പരിശോധനകൾക്ക് ഉപയോഗിക്കുന്നത്. കടലുണ്ടി വള്ളിക്കുന്ന് പഞ്ചായത്തിലുള്ള ജനങ്ങൾ നമ്മുടെ ലാബിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

നീതി മെഡിക്കൽ സ്റ്റോർ

നീതി മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾക്ക് 10 ശതമാനം മുതൽ 60 ശതമാനം വരെ ഡിസ്കൗണ്ട് നൽകി വരുന്നു. പൊതു വിപണിയിലെ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് നമ്മുടെ മെഡിക്കൽ സ്റ്റോറിന്റെ ആരംഭം കാരണമായിട്ടുണ്ടെന്നത് പ്രദേശത്തുകാർക്കും സഹകാരികൾക്കും ആശ്വാസം നൽകുന്നതാണ്.

നീതി ഫിസിയോതെറാപ്പി

കുറഞ്ഞ നിരക്കിൽ ഫിസിയോ തെറാപ്പി ചെയ്യുന്നതിനുള്ള നീതി ഫിസിയോ തെറാപ്പി സെന്ററിൽ ആരംഭിച്ചു. കുറഞ്ഞ നിരക്കായ 200 രൂപ മാത്രമാണ് ഫിസിയോ തെറാപ്പിക്ക് ഫീസായി ഈടാക്കുന്നത്. ഇത് പ്രദേശത്തെ ജനങ്ങൾ നല്ല നിലയിൽ ഉപയോഗിച്ചു വരുന്നുണ്ട്.

ഹെൽത്ത് കാർഡ്

ബേങ്കിന്റെ മാന്യ സഹകാരികൾക്കും ഇടപാടുകാർക്കും നീതി ലാബിലും ഫിസിയോ തെറാപ്പി സെന്ററിലും 10 ശതമാനം അധിക ഡിസ്കൗണ്ട് നൽകുന്നതിനുള്ള ഹെൽത്ത് കാർഡുകൾ നൽകുന്നുണ്ട്.

ഓപ്പൺ സ്റ്റേജ് കടലുണ്ടി

കടലുണ്ടിയിലെ കലാ സാംസ്കാരിക രാഷ്ട്രീയ പരിപാടികൾ നടത്തുന്നതിന് കടലുണ്ടി ലെവൽക്രോസിൽ കടലുണ്ടി ഗ്രാമപഞ്ചായത്ത് അനുവദിച്ച എകദേശം 3 സെന്റ് വരുന്ന സ്ഥലത്ത് ബാങ്ക് നിർമ്മിച്ചു നൽകിയ ഓപ്പൺ സ്റ്റേജും പൊതു ഇടവും (ഗംഗൻ മാസ്റ്റർ സ്ക്വയർ) ബഹു ബേപ്പൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. കടലുണ്ടിയിലെ കലാ സാംസ്കാരിക രാഷ്ട്രീയ പരിപാടികൾ നടത്തുന്നതിനും വൈകുന്നേരങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മ ഉണ്ടാക്കുന്നതിനും ഈ പൊതു ഇടം സഹകാരികളും ബഹുജനങ്ങളും നല്ല നിലയിൽ ഉപയോഗിക്കുന്നുണ്ട്.

അനുമോദന സദസ്സ്

ബേങ്കിലെ മെമ്പർമാരുടെയും ഇടപാടുകാരുടെയും മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. ചടങ്ങിൽ ബഹു: ബേപ്പൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. പി.എ. മുഹമ്മദ് റിയാസ് വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകി.

ഉത്സവചന്ത

പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിനുമായി കൺസ്യൂമർഫെഡുമായി സഹകരിച്ച് നടത്തുന്ന ഓണചന്ത ഉത്സവകാലത്ത് സഹകാരികൾക്ക് വലിയ ആശ്വാസം നൽകുന്നു.

ക്ഷേമപെൻഷൻ വിതരണം

2025-2026 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാറിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം 12 ഘട്ടങ്ങളിലായി 2021 പേർക്ക് 54305170 രൂപ സമയ ബന്ധിതമായി വിതരണം ചെയ്തു.

നവകേരളീയം കുടിശിക നിവാരണം 2025 – 2026

സഹകരണ വകുപ്പ് സർക്കുലർ നിർദേശമനുസരിച്ച് 2026 ജനുവരി 1 മുതൽ മാർച്ച് 31 വരെ നടത്തുന്നതിനുള്ള സഹകരണ ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചു. മാരകരോഗം ബാധിച്ചവർ, മരണപ്പെട്ട വായ്പക്കാർ, ആശ്രിതർ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് തിരിച്ചടവ് ശേഷി ഇല്ലാത്തവർ എന്നിവരുടെ വായ്പകൾക്ക് പരാമവധി ആനുകൂല്യം നൽകികൊണ്ട് വായ്പ കണക്ക് അവസാനിപ്പിക്കുവാൻ അദാലത്തുകളിലൂടെ സാധിച്ചിട്ടുണ്ട്. 2025 - 2026 കാലയളവിൽ 140 കുടിശിക വായ്പകൾ തീർപ്പാക്കുകയും 2705866 രൂപ എക്സിക്യൂഷൻ ആർബിട്രേഷൻ കേസുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ഇളവനുവദിക്കുകയുണ്ടായി.

Score Connect app

ജീവനക്കാർക്ക് ബാങ്കിലെ ലോണുകൾ മോണിറ്റർ ചെയ്യുന്നതിനായുള്ള മൊബൈൽ അപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഈ ആപ്പ് മുഖേന വായ്പക്കാരുടെ എല്ലാ വിവരങ്ങളും ഏത് സമയത്തും ജീവനക്കാർക്ക് മോണിറ്റർ ചെയ്യാനും അവരെ അറിയിക്കുവാനും സാധിക്കും. കുടിശിക നിവാരണ പ്രവർത്തനത്തിന് ഇത് വളരെയധികം ഉപകാരപ്രദമായിട്ടുണ്ട്.

Biz Score Collection agent app

ബാങ്കിന്റെ കളക്ഷൻ ഏജന്റുമാർ സ്വീകരിക്കുന്ന ഡെയ്ലി ഡെപ്പോസിറ്റ് കളക്ഷൻ ഈ സംവിധാനത്തിലൂടെ യഥാസമയം ഇടപാടുകാരുടെ അക്കൗണ്ടിൽ നിക്ഷേപിക്കാനാവുന്നു.

M Score Mobile app

ബാങ്കിങ്ങ് സേവനങ്ങൾ മൊബൈൽ ഫോൺ വഴി ലഭ്യമാക്കുന്നതിന് ബാങ്കിൽ ഫോൺ നമ്പർ രജിസ്റ്റർ ചെയ്തിട്ടുള്ള ഇടപാടുകാർക്ക് ഈ ആപ്പ് Playstore ൽ നിന്നും download ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഇതുവഴി SB,CA, OD സ്റ്റേറ്റ്മെന്റുകൾ online വഴി ലഭ്യമാക്കുന്നു. E-Pass Book, NEFT ഫണ്ട് ട്രാൻസ്ഫർ എന്നീ സൗകര്യങ്ങൾ ഈ ആപ്പ് വഴി നിർവ്വഹിക്കാവുന്നതാണ്. നിരവധി ഇടപാടുകാർ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്.

Web Site

ബാങ്കിനെകുറിച്ചും ബാങ്ക് സേവനങ്ങളെകുറിച്ചും ആളുകൾക്ക് മനസിലാക്കുന്നതിനായുള്ള www.kadalundibank.com എന്ന വെബ്സൈറ്റ് ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഭരണസമിതി അംഗങ്ങൾ

31.07.2022ന് ബാങ്ക് തെരഞ്ഞെടുപ്പിലൂടെ വിജയം കൈവരിച്ച് 01-08-2022ന് അധികാരമേറ്റെടുത്ത 11 അംഗ ഭരണസമിതിയാണ് ഇപ്പോൾ ഭരണ നിർവ്വഹണം നടത്തിവരുന്നത്. ഭരണസമിതി അംഗമായിരുന്ന ശ്രീ. ബാബുരാജൻ നടുക്കണ്ടി വിദേശത്ത് പോയതിനാൽ ഭരണസമിതിയിൽ വന്ന ഒഴിവിലേക്ക് ശ്രീ. സുന്ദരൻ ഇത്തിനേയ് എന്നവരെ ഭരണസമിതി അംഗമായി കോ-ഓപ്റ്റ് ചെയ്തിട്ടുണ്ട്. ഭരണസമിതി ഭാരവാഹികളും അംഗങ്ങളും താഴെ പറയുന്നവരാണ്.

ശ്രീ. കബീർ കെ.ടി.	പ്രസിഡണ്ട്
ശ്രീമതി നിഷ എം.	വൈസ് പ്രസിഡണ്ട്
ശ്രീ. കുന്നത്ത് വേണുഗോപാൽ	ഡയറക്ടർ
ശ്രീ. അസൈനാർ എ. (അസി)	,,
ശ്രീ. പരമശിവൻ കെ.	,,
ശ്രീ. ഹുസൈൻകോയ എ	,,
ശ്രീ. മുഹമ്മദ് റാസിക് പി.	,,
ശ്രീ. മുഹമ്മദ്കോയ പി.കെ.	,,
ശ്രീമതി ബിന്ദു കെ.ആർ	,,
ശ്രീമതി സ്റ്റെല്ല ഷാജി സി.	,,
ശ്രീ. സുന്ദരൻ ഇത്തിനേയ്	,,

ജീവനക്കാർ

ശ്രീ. സനു ടി	സെക്രട്ടറി
ശ്രീ. രാധാഗോപി ടി.	അസി. സെക്രട്ടറി
ശ്രീമതി ലതാമണി എം.	ഇന്റേണൽ ഓഡിറ്റർ
ശ്രീമതി രജിത കെ.	ബ്രാഞ്ച് മാനേജർ
ശ്രീമതി കവിത എം.	എക്കൗണ്ടന്റ്
ശ്രീമതി രാഗിഷ ഒ.	,,
ശ്രീമതി മനീഷ കെ.	,,

ശ്രീ. ജയകൃഷ്ണൻ സി.ടി.	സീനിയർ ക്ലാർക്ക്
ശ്രീമതി ബിജുല പി.	"
ശ്രീ. സൈനുൽ അനസ് കെ.	"
ശ്രീ. വിജിത്ത് കെ.	"
ശ്രീ. അഖിൽ എൻ	ജൂനിയർ ക്ലാർക്ക്
ശ്രീമതി ഷിംജ എ.സി.	"
ശ്രീമതി അനാമിക ടി.	"
ശ്രീമതി മേഘ വി.കെ.	"
ശ്രീമതി അക്ഷയ എം. രാജ്	"
ശ്രീ. അഖിൽ എം.	ഡാറ്റ എൻട്രി ഓപ്പറേറ്റർ
ശ്രീ. സജിത്ത് സി.	അറ്റന്റർ
ശ്രീമതി അനീഷ സി.ടി.	പ്യൂൺ
ശ്രീ. റിഷിദാസ് എൻ	ഡ്രൈവർ
ശ്രീമതി സുലോചന എം.	പാർട്ട് ടൈം സ്വീപ്പർ
ശ്രീമതി സുമതി പി.	"
ശ്രീമതി ഗിരിജ കെ.	"

ഡെയ്‌ലി ഡെപ്പോസിറ്റ് കലക്ഷൻ ഏജന്റുമാർ

ശ്രീമതി ബിന്ദു ആർ

ശ്രീമതി രേഷ്മ സി.കെ.

ശ്രീമതി ജ്യോതിലക്ഷ്മി കെ.

ശ്രീമതി ലിജുന കെ.പി.

ശ്രീ. ജിത്തു കക്കാട്ട്

ശ്രീ. അക്ഷയ് എം.

ബാങ്കിന് കീഴിലുള്ള കടലുണ്ടി സഹകരണ നീതി മെഡിക്കൽ സെന്ററിൽ 10 പേർ ജോലി ചെയ്തു വരുന്നു.

സപ്ലിമെന്ററി ബഡ്ജറ്റ് 2025-26

ഇനം	വകയിരുത്തിയത്	ചിലവായത്	അധിക ചിലവ്	കാരണം
ശമ്പളവും അലവൻസുകളും	13000000.00	19019001.00	6019001.00	01.01.2022 മുതലുള്ള ഡി.എ. കുടിശിക 42 ശതമാനം സർക്കാർ അനുവദിച്ചതിനാൽ ജീവനക്കാരുടെ ഡി.എ. കുടിശിക പൂർണ്ണമായും അനുവദിച്ചതുകൊണ്ട്
പ്രസിഡണ്ടിന്റെ ഓണറേറിയം	90000.00	135000.00	45000.00	സർക്കാർ ബാങ്ക് പ്രസിഡണ്ടുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചതിനാൽ
ഇൻഷൂറൻസ് പ്രീമിയം	250000.00	382912.00	132912.00	സ്വർണ്ണ പണയവായ്പ വർദ്ധിക്കുകയും ആനുപാതികമായി ഇൻഷൂറൻസ് പരിരക്ഷ വർദ്ധിച്ചതിനാൽ

ഉപസംഹാരം

ബേങ്കിന്റെ പ്രവർത്തനങ്ങൾക്ക് എന്നും താങ്ങും തണലുമായി നിൽക്കുന്നത് മാന്യമെമ്പർമാരാണ് ഓരോ അംഗങ്ങളുടേയും സ്വന്തം സ്ഥാപനമെന്ന വികാരമുൾകൊണ്ട് ബാങ്കിന്റെ പുരോഗതിയ്ക്കുവേണ്ടി മനസ്സുവെക്കുന്ന എല്ലാ മാന്യമെമ്പർമാരോടും ബാങ്ക് ഭരണസമിതി കടപ്പെട്ടവരാണ്. നമ്മുടെ ബേങ്കിന്റെ സാമ്പത്തിക അടിത്തറ ശക്തവും ഭദ്രവുമാണെന്നാണ് ബേങ്കിന്റെ സാമ്പത്തിക രേഖകളും കണക്കുകളും കാണിക്കുന്നത്. സഹകരണ മേഖലയുടെ അഭിമാനം ഉയർത്തികൊണ്ട് പ്രവർത്തിക്കുന്ന നമ്മുടെ ബേങ്കിനെ കൂടുതൽ വളർച്ചയിലേക്ക് എത്തിക്കുന്നതിന് റിപ്പോർട്ട് വർഷത്തിൽ സഹായിച്ച സഹകരണവകുപ്പ് ഉദ്യോഗസ്ഥർക്കും കേരളബാങ്ക് അധികൃതർക്കും മാന്യ മെമ്പർമാർക്കും ബേങ്കുമായി സഹകരിച്ച മുഴുവൻ ഇടപാടുകാർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും ബേങ്കിന്റെ വളർച്ചയ്ക്ക് എല്ലാവിധ സഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഭരണസമിതിക്ക് വേണ്ടി
സിക്രട്ടറി (ഒപ്പ്)

കടലുണ്ടി
28.09.2026

ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ബേങ്കിന്റെ അറ്റലാഭം **4106413.65** രൂപ താഴെ ചേർത്തവിധം വിഭജിക്കാവുന്നതാണ്.

KADALUNDI SERVICE CO - OPERATIVE BANK LTD NO. F 1500
PROFIT DISTRIBUTION 2025-26

Sl No.	Description	%	Amount
1	RESERVE FUND	15	615962.00
2	EDUCATION FUND		100000.00
3	AGRL. CREDIT STABILISATION FUND	7	287449.00
4	PROFESSIONAL EDUCATION FUND		100000.00
5	MEMBER RELIEF FUND		100000.00
6	DIVIDENT A CLASS	12	1652934.00
7	DIVIDENT B CLASS	12	3600.00
8	RESERVE FOR BAD DEBT	3	87090.00
9	TECHNOLOGY MODERNISATION FUND	5	145150.00
10	BUILDING FUND	5	145150.00
11	COMMON GOOD FUND	10	290300.00
12	EDUCATION HELP FUND	3	87090.00
13.	EDUCATION DEVELOPMENT FUND	5	145150.00
13	MEMBERS DEATH FUND	5	145150.00
14	DIVIDENT EQUILIZATION FUND	5	145150.00
15	BALANCE TO BUILDING FUND		56238.65
	TOTAL		**4106413.65**

2027 – 2028 വർഷത്തേക്കുള്ള ബഡ്ജറ്റ്

ക്രമ നമ്പർ	ചെലവ്	സംഖ്യ	വരവ്	സംഖ്യ
1	നിക്ഷേപത്തിൻമേൽ പലിശ	140000000	കടങ്ങളിൽ നിന്ന് പലിശ	165000000
2	കേരള ബാങ്കിൽ പലിശ	20000000	നിക്ഷേപങ്ങളിൽ നിന്ന് പലിശ	50000000
3	ശമ്പളവും അലവൻസുകളും	25000000	പ്രവേശന ഫീസ്	100000
4	ബോണസ്	600000	കമ്മീഷൻ	500000
5	മെഡിക്കൽ അലവൻസ്	250000	ഓഡിറ്റോറിയം വാടക	500000
6	അച്ചടിയും സ്റ്റേഷനറിയും	1000000	പലവക മുതൽ മുടക്ക് ആദായം	500000
7	തപാൽ	75000	MSS കമ്മീഷൻ	2000000
8	പരസ്യം	1000000	നീതി മെഡിക്കൽസ്	6500000
9	സിറ്റിംഗ് ഫീസ്	250000	നീതി ലാബ്	5000000
10	പ്രസിഡണ്ടിന്റെ ഓണറേറിയം	135000	നീതി ഫിസിയോതെറാപ്പി സെന്റർ	200000
11.	യാത്ര ചെലവ്	250000		
12	പലവക	3000000		
13	പഠന ഗവേഷണ യാത്രകൾ	100000		
14	നികുതികൾ	60000		
15	ഗ്രാറ്റുവിറ്റി ഇൻഷൂറൻസ്	1000000		
16	ഇൻഷൂറൻസ് പ്രീമിയം	1000000		
17	ടെലഫോൺ ചാർജ്ജ്	200000		
18	വാടക	1000000		
19	സെയിൽ ഓഫീസർ കോസ്റ്റ്	500000		
20	ഓഡിറ്റ് കോസ്റ്റ്	1000000		
21	ഡെ. ഡെപ്പോസിറ്റ് കമ്മീഷൻ	3000000		
22	ഫർണിച്ചർ	1500000		
23	ജനറൽബോഡി	400000		
24	കമ്പ്യൂട്ടർ മെയിന്റനൻസ്	500000		
25	ജനറേറ്റർ	600000		
26	ചാലിയം ബ്രാഞ്ചിന് സ്ഥലം വാങ്ങുന്നതിനുള്ള ചെലവ്	10000000		
27	നീതി മെഡിക്കൽസ്	6300000		
28	നീതി ലാബ്	4200000		
29	ലാഭം	7380000		
	ആകെ	**230300000**		**230300000**

കേരള സർക്കാർ

സഹകരണ വകുപ്പ്

സഹകരണ ആഡിറ്റ് ജോയിന്റ് ഡയരക്ടറുടെ ഓഫീസ്
സഹകരണ ഭവൻ, പൂതിയറ
സ്ഥലം കോഴിക്കോട്
തിയതി 23.09.2026

ശ്രീ / ശ്രീമതി . [illegible]
സഹകരണ ആഡിറ്റ് ജോയിന്റ് ഡയരക്ടർ

നമ്പർ FAR/30/ 2025-26

ആഡിറ്റ് സർട്ടിഫിക്കറ്റ്

(2025-26)

കോഴിക്കോട് ഡിസ്ട്രിക്ടിൽ കോഴിക്കോട് താലൂക്കിൽ കടലുണ്ടി ആസ്ഥാനമാക്കി 22. 03. 1951 ൽ രജിസ്റ്റർ ചെയ്യപ്പെട്ടകയും 06. 04. 1951 ൽ പ്രവർത്തനം ആരംഭിക്കുകയും സഹകരണ ഡിപ്പാർട്ടുമെന്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ കടലുണ്ടി സർവീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ എഫ്-1500 2025-26 ആം മാണ്ടത്തെ കണക്കുകൾ സഹകരണ സംഘം ആഡിറ്റർ ശ്രീ./ശ്രീ. ബിജീഷ് കുമാർ. വി (സ്പെഷ്യൽ ഗ്രേഡ് ഓഡിറ്റർ) & രമിഷ്. പി (സീനിയർ ഓഡിറ്റർ) ആഡിറ്റ് ചെയ്ത പ്രകാരം പാസ്സാക്കിയിരിക്കുന്നു എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സർട്ടിഫിക്കറ്റും, ഇതോടു ചേർത്തിരിക്കുന്ന പ്രത്യേക ശ്രദ്ധയുള്ള വിവരങ്ങൾ/നിർദ്ദേശങ്ങൾ, ന്യൂനത സംഗ്രഹം, വരവു ചെലവു കണക്ക്, ലാഭ നഷ്ടക്കണക്ക്, ബാക്കിപത്രം എന്നിവ അടങ്ങിയ മെമ്മോറാണ്ടവും അടുത്തു കൂടുന്ന പൊതുയോഗത്തിൽ സമർപ്പിക്കേണ്ടതും നിർദ്ദേശങ്ങളനുസരിച്ച് ആവശ്യമായ നടപടികൾ താമസംവിനാ സ്വീകരിച്ചും ന്യൂനത സംഗ്രഹ പ്രകാരമുള്ള എല്ലാ ന്യൂനതകൾക്കും ഉടനടി പരിഹാരം കണ്ടും വിശദ വിവരം പൊതുയോഗ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും സഹകരണ വകുപ്പിലെ കോഴിക്കോട് ജില്ലാ തല ഉദ്യോഗസ്ഥനായ ജോയിന്റ് രജിസ്ട്രാറെ രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് ഇതിനാൽ താത്പര്യപ്പെടുന്നു.

23/9/26

സഹകരണ ആഡിറ്റ് ജോയിന്റ് ഡയരക്ടർ
Joint Director of Co-op. Audit
Kozhikode

(മുദ്ര)

2025 – 26 – ാം മാണ്ടത്തെ വരവ് ചെലവ് കണക്ക്

(എ) വരവ്

ക്രമ നമ്പർ	ഇന വിവരം	രൂപ
1	ഓഹരി മൂലധനം	1488720.00
2	നിക്ഷേപങ്ങൾ	6413465595.61
3	വായ്പകൾ	303200583.42
4	അംഗങ്ങൾ തിരികെ ഒടുക്കിയ വായ്പകൾ	2896473144.40
5	ടി- വായ്പകൾക്ക് ഈടാക്കിയ പലിശ	134590713.00
6	പലവക വരവുകൾ	37296544.65
7	സ്റ്റാഫ് പ്രോവിഡന്റ് ഫണ്ട് ഡെപ്പോസിറ്റ്	2464877.00
8	സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം പിൻവലിച്ചത്	794484.00
9	റിസർവ്വ് ഫണ്ട്	450087.00
10.	വിദ്യാഭ്യാസ ഫണ്ട്	100000.00
11.	അഗ്രിക്കൾച്ചർ ക്രെഡിറ്റ് സ്റ്റബിലൈസേഷൻ ഫണ്ട്	210041.00
12.	പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട്	100000.00
13	അംഗങ്ങളുടെ റിലീഫ് ഫണ്ട്	100000.00
14	സ്ഥാവരവസ്തുക്കൾ വിറ്റ വകയിൽ	81420.00
15	ക്യാപിറ്റൽ റിസർവ്വ്	15000.00
16	ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ചത്	1407186285.99
17	സ്പെഷ്യൽ ബി.ഡി.ആർ പലിശ	23812.00
18	അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ	1339391382.92
19	അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	2033074885.17
20	വ്യാപാര വരവ്	2984941.00
21	ഉടമസ്ഥൻ എന്ന നിലയിൽ ചരക്കുകൾ വിറ്റ വകയിൽ	5755098.00
22	വാങ്ങിയ ചരക്കുകൾ മടക്കി നൽകിയത്	130204.35
23	അംഗങ്ങൾക്കുള്ള ലാഭവിഹിതം	1310755.00
24	സർക്കാറിനുള്ള ലാഭവിഹിതം	4500.00
25	കെട്ടിട ഫണ്ട്	628291.60
26	പൊതുനന്മാഫണ്ട്	204046.00
27	ലാഭ സമീകരണ ഫണ്ട്	102023.00
28	കിട്ടാക്കടങ്ങൾക്കും സംശയാസ്പദ കടങ്ങൾക്കുമുള്ള കരുതൽ	61214.00
29	Technology Modernisation Fund	102023.00
30	Members Death Fund	102023.00
31	Educational Help Fund Members	40810.00
	ആകെ	**14581933505.11**
	മുന്നിരിഷ്	**13108755.00**
	ആകെ മൊത്തം	**14595042260.11**

(ബി) ചെലവുകൾ

ക്രമ നമ്പർ	ഇന വിവരം	രൂപ
1	ഓഹരി മൂലധനം	405100.00
2	നിക്ഷേപങ്ങൾ	6201879946.56
3	വായ്പകൾ	274999150.00
4	അംഗങ്ങൾക്ക് കൊടുത്ത വായ്പകൾ	3147097847.44
5	കൊടുത്ത പലിശ	112652645.45
6	എസ്റ്റാബ്ളിഷ്മെന്റ് ചെലവും കണ്ടിജൻസി ചെലവും	30748844.22
7	വായ്പകൾക്ക് നൽകിയ പലിശ ഇളവ്	2705866.00
8	സ്റ്റാഫ് പ്രൊവിഡന്റ് ഫണ്ടിലെ നിക്ഷേപം (തിരികെ കൊടുത്തത്)	1094523.00
9	സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം (തിരികെ കൊടുത്തത്)	100000.00
10	സ്റ്റാഫ് സെക്യൂരിറ്റിയിലെ നിക്ഷേപം	860029.00
11	കരുതൽധനം നിക്ഷേപിച്ചത്	325649.07
12.	വിദ്യാഭ്യാസഫണ്ട് അടവാക്കിയത്	100000.00
13	പ്രൊഫഷണൽ എഡ്യുക്കേഷണൽ ഫണ്ട് അടവാക്കിയത്	749813.97
14.	സ്ഥലം, കെട്ടിടം അകസാമാനങ്ങൾ എന്നിവ വാങ്ങിയത്	95391.00
15	തേയ്മാന ഫണ്ട്	81420.00
16	ബാങ്കുകളിൽ നിക്ഷേപിച്ചത്	1427525587.84
17	സ്പെഷ്യൽ ബി.ഡി.ആർ	23812.00
18	അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ	1254534913.08
19	അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	2114251427.76
20	വിൽപനക്കുള്ള ചരക്ക് വാങ്ങിയ വകയിൽ	5204798.12
21	വ്യാപാരച്ചെലവ്	3271785.00
22	വിഭജിക്കാത്ത അറ്റലാഭം	515233.26
23.	അറ്റലാഭം വിഭജിച്ചത്	3000580.34
24	അംഗങ്ങൾക്ക് ലാഭവിഹിതം കൊടുത്തത്	689835.00
25.	സർക്കാരിലേക്ക് ലാഭവിഹിതം കൊടുത്തത്	4500.00
26	പൊതുനന്മാ ഫണ്ട്	63750.00
27	Fund for Education (Staff & Directors)	75790.00
	ആകെ	**14583058238.11**
	നീക്കിയിരിപ്പ്	**11984022.00**
	ആകെ മൊത്തം	**14595042260.11**

2025–26 മാണ്ടത്തെ വ്യാപാര ലാഭ നഷ്ടക്കണക്ക്
(എ) വ്യാപാരക്കണക്ക്

ക്രമ നമ്പർ	ഇന വിവരം		രൂപ	ക്രമ നമ്പർ	ഇന വിവരം		രൂപ
1	മുന്നിരിപ്പ് ചരക്ക്		814861.46	1	വിറ്റ ചരക്ക്	5755098.00	
2	വാങ്ങിയ ചരക്ക്	5204798.12	-	2	മടക്കി വാങ്ങിയവ	-	5755098.00
3	മടക്കി കൊടുത്തവ	130204.35	5074593.77	3	Trade Income		2984941.00
4				4	നീക്കിയിരിപ്പ് ചരക്ക്		944590.40
5	ചെലവുകൾ		3271785.00	5.	കുറവുള്ള ചരക്ക്		-
					Damage Stock		-
6				6.	Dead Stock		-
	ആകെ		**9161240.23**		**ആകെ**		**9684629.40**
	മൊത്തം ലാഭം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്		**523389.17**		**മൊത്തം നഷ്ടം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്**		**-**
	ആകെ മൊത്തം		**9684629.40**		**ആകെ മൊത്തം**		**9684629.40**

2025 – 2026 വർഷത്തെ മാർച്ച് 31–ാം തിയ്യതിയിലെ ബാക്കി പത്രം

ബാധ്യത	രൂപ	ആസ്തി	രൂപ
പിരിഞ്ഞുകിട്ടിയ മൂലധനം	19883858.00	റൊക്കം കയ്യിരുപ്പ് തുക കൈവശം	11984022.00
നിക്ഷേപങ്ങൾ	1632486369.46	ബാങ്കിൽ	401493914.26
കേരള ബാങ്കിൽ നിന്നുള്ള വായ്പകൾ	148624323.05	മറ്റു സ്ഥാപനങ്ങളിലെ ഓഹരി നിക്ഷേപം	8795894.00
കരുതൽ ധനം	9158989.12	കരുതൽ ധനം	8708902.12
ഫണ്ടുകൾ വകയിരുത്തലുകൾ (ലാഭവിഭജനവഴി സ്വരൂപിച്ചവ)	20644067.44	മറ്റു മുതൽ മുടക്കുകൾ	11284508.19
		അംഗങ്ങൾക്ക് കൊടുത്ത വായ്പകൾ	1490771486.04
ഫണ്ടുകൾ, കരുതലുകൾ, വകയിരുത്ത ലുകൾ (ലാഭനഷ്ടക്കണക്കിൽ തട്ടികിഴിച്ചുണ്ടാക്കിയവ)	104042815.59	കിട്ടാനുള്ള പലിശ	65929169.00
		പലവക വരവുകൾ	5812000.00
കൊടുക്കാനുള്ള പലിശ	33634191.69	ജംഗമ ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, യന്ത്രസാമഗ്രികൾ	23157612.08
ഗ്രാന്റ് സബ്സിഡി ഗവ: ൽ നിന്നും	30755.00	സ്ഥാവരം	408428.85
പ്രൊഫഷണൽ എഡ്യുക്കേഷൻ ഫണ്ട്	100000.00	വിൽപ്പനക്കുള്ള നീക്കിയിരുപ്പ് ചരക്കുകൾ	990742.67
അംഗങ്ങളുടെ റിലീഫ് ഫണ്ട്	100000.00	അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ	840560286.86
മറ്റുബാധ്യതകൾ	19728094.93		
കുടിശിക പലിശക്കുള്ള കരുതൽ	45566142.00		
അഡ്വാൻസുകൾ സംഘത്തിൽനിന്നും കൊടുക്കേണ്ടവ	831790767.37		
ബ്രാഞ്ച് അക്കൗണ്ട്	178.75		
ലാഭനഷ്ടക്കണക്കുപ്രകാരമുള്ള അറ്റലാഭം	4106413.65		
ആകെ	**2869896966.07**	**ആകെ**	**2869896966.07**

(ബി) ലാഭ നഷ്ടക്കണക്ക്

ക്രമ നമ്പർ	നഷ്ടം	രൂപ	ക്രമ നമ്പർ	ലാഭം	രൂപ
1	കൊടുക്കാനുള്ള പലിശ	119720518.01	1	വ്യാപാര കണക്ക് പ്രകാരം മൊത്തം ലാഭം	523389.17
2	എസ്റ്റാബ്ലിഷ്മെന്റ് ചെലവ്	19895625.00	2	കിട്ടാനുള്ള പലിശ	139046359.00
3.	തേയ്മാന ഫണ്ട്	3779825.33	3	പലവക (നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ)	29680639.90
4	കണ്ടിജൻസി ചെലവ്	10835219.22	4.	പലവക	4271141.75
5	Reserve for Adjusting Heads Due to	1407742.00	5	വായ്പകളുടെ ലിസ്റ്റ് വ്യത്യാസത്തിന് കരുതൽ	185.00
6	കിട്ടാക്കടങ്ങൾക്കും സംശയാസ്പദമായ കടങ്ങൾക്കുമുള്ള കരുതൽ	1700295.00	6.	ജി.ഡി.എസ് ലിസ്റ്റ് വ്യത്യാസത്തിന് കരുതൽ	20000.00
7.	ജീവനക്കാരുടെ ആർജ്ജിതാവധിക്കുള്ള കരുതൽ	753691.00			
8.	വാഹനത്തിന്റെ റീകൂപ്പ്മെന്റ് 2021-22 മാരുതി(ERTIGA)	198479.00			
9.	ജി.ഡി.എസ്. കുടിശികക്ക് കരുതൽ	93500.00			
10	RUBBERMARK ഓഹരിക്ക് കരുതൽ	20000.00			
11	വായ്പ പലിശയുടെ റിബേറ്റ്	2705866.00			
12	സ്ഥലം വാങ്ങിയതിന് റീകൂപ്പ്മെന്റ്	93666.00			
13	ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് പ്രൊവിഷൻ	2000000.00			
14.	സ്ഥലം വാങ്ങുന്നതിന് പ്രൊവിഷൻ	6000000.00			
15.	ഇളകുന്ന മുതലുകളുടെ സ്റ്റോക്ക് വ്യത്യാസത്തിന് കരുതൽ	230874.61			
				ആകെ	**173541714.82**
	ആകെ	**169435301.17**		**തന്നാണ്ടത്തെ നഷ്ടം**	**-**
	തന്നാണ്ടത്തെ ലാഭം	**4106413.65**		**ആകെ മൊത്തം**	**173541714.82**
	ആകെ മൊത്തം	**173541714.82**		**തന്നാണ്ടത്തെ ലാഭം**	**4106413.65**
	തന്നാണ്ടത്തെ നഷ്ടം	**0.00**			
	മുന്നാണ്ടത്തെ ലാഭനഷ്ടക്കണക്കുപ്രകാരമുള്ള അറ്റനഷ്ടം	**-**		**അറ്റ നഷ്ടം**	**-**
	അറ്റലാഭം	**4106413.65**		**ആകെ**	**4106413.65**
	ആകെ	**4106413.65**			